(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വനാവരണത്തുടർച്ച ഇല്ലാതാക്കുന്ന കാട്ടുതീ കേരളത്തിൽ ഉണ്ടാകാൻ സാദ്ധ്യതയില്ല. കാട്ടുതീമൂലം അടിക്കാടുകൾ നശിക്കുന്നതുകൊണ്ട് വനങ്ങൾക്ക് കുറച്ച് നാശം സംഭവിക്കുന്നുണ്ട്. സാധാരണനിലയിൽ കാട്ടുതീ തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പിൽ ഇപ്പോൾ ആവശ്യമായ സംവിധാനം നിലവിലുണ്ട്. ഇത് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനും ഈ വർഷത്തിൽ അനുഭവപ്പെട്ട അപ്രതീക്ഷിതവും അസാധാരണവുമായ വരൾച്ചപോലുള്ള അവസ്ഥകൾ തരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തേക്കടി ജലാശയത്തിന്റെ ആഴം സംബന്ധിച്ച്

103 [446] ശ്രീ. ഇ. എം. ആഗസ്തി:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ ജോർജ് ജെ. മാത്യു:
„ കെ. പി. വിശ്വനാഥൻ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വേനൽ വർദ്ധിച്ചപ്പോൾ തേക്കടി ജലാശയത്തിൽ വെള്ളം കുറഞ്ഞതിന്റെ ഫലമായി ബോട്ടുയാത്ര സുഗമമാക്കുന്നതിനുവേണ്ടി ജലാശയത്തിൽ ബോട്ടുജെട്ടിവരെയുള്ള ഭാഗത്തിന്റെ ആഴം കൂട്ടുകയുണ്ടായോ; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നതിനുമുൻപ് മരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, എന്നിവയുമായി കൂടിയാലോചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം ചെയ്തതുകൊണ്ട് തമിഴ്നാട്ടിലേക്ക് കൂടുതൽ ജലപ്രവാഹം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആഴം കൂട്ടിയിട്ടില്ല.

(ബി—ഡി) 'എ'-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly